(ബി) അവ ഏതെല്ലാം ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് തൃശ്ശൂർ, ആലപ്പുഴ, തിരുവനന്തപുരം എന്നിവിടങ്ങളിലായി സ്പോർട്ട്സ് കൗൺസിലിന്റെ കീഴിൽ കുട്ടികളെ താമസിപ്പിച്ചു പഠിപ്പിക്കുന്ന 3 നീന്തൽ പരിശീലന കേന്ദ്രങ്ങൾ നിലവിലുണ്ട്. അതിനു പുറമെ കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകൾ ഒഴികെ മറ്റു ജില്ലകളിൽ ഗ്രാമതലങ്ങളിൽ നീന്തൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ട്.

കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം നിർമ്മാണം

115 (4159) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം പണി പൂർത്തിയാകാത്ത കാര്യം സ്പോർട്ട്സ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പണി പൂർത്തിയാക്കുന്നതിന് തടസ്സം നിൽക്കുന്ന കാര്യങ്ങൾ പരിശോധിച്ച് അവയ്ക്ക് പരിഹാരം കാണുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സ്റ്റേഡിയം എന്നത്തേയ്ക്ക് പണി പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) സ്പോർട്ട്സ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം നടന്നു വരുന്നതായറിയുന്നു. സ്റ്റേഡിയത്തിന്റെ പണി നിശ്ചിത സമയ പരിധിക്കകം തീർക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പലതവണ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും കരാറിലെ ഉപാധികൾ സ്വീകരിച്ച് കരാർ ഒപ്പുവയ്ക്കുന്നതിന് കരാറുകാരൻ ഇതുവരെ തയ്യാറായിട്ടില്ലെന്നും കരാറുകാരനെ പ്രസ്തുത പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കുന്നതിന് ഹൈക്കോടതിയുടെ അനുമതി ആവശ്യമാണെന്ന് ഒ. പി. നമ്പർ 27683/02 കേസിലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിരുന്നതിനാൽ ഹൈക്കോടതിയുടെ അനുമതിയോടെ കരാറുകാരനെ ആ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നിയമനടപടികൾ കോഴിക്കോട് നഗരസഭ സ്വീകരിച്ചു വരുന്നതായി തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്

നെഹ്റു യുവകേന്ദ്രയുടെ പ്രവർത്തനങ്ങൾ

116 (4160) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെഹ്റു യുവകേന്ദ്ര എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഭരണപരവും സാമ്പത്തികവുമായ നിയന്ത്രണം സംസ്ഥാന ഗവൺമെന്റിന് ഉണ്ടോ ;

(സി) സംസ്ഥാനത്ത് പ്രതിവർഷം ചെലവഴിക്കുന്ന തുക നിജപ്പെടുത്തിയിട്ടുണ്ടോ ; പ്രസ്തുത ധനവിനിയോഗത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; ഇതിൻ പ്രകാരമുള്ള കണക്കുകൾ സംസ്ഥാന സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ ;

(ഡി) നെഹ്റു യുവകേന്ദ്രയുടെ പ്രവർത്തനം വിലയിരുത്താൻ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) നെഹ്റു യുവകേന്ദ്ര പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ്. ഗ്രാമീണ യുവജനങ്ങളുടെ ക്ഷേമത്തിനും സമഗ്ര വികസനത്തിനും വേണ്ടി ജില്ലാതലത്തിൽ ജില്ലാ ഭരണകൂടം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുമായി സഹകരിച്ച് യൂത്ത് ക്ലബ് ഡെവലപ്മെന്റ് പ്രോഗ്രാം, വൊക്കേഷണൽ ട്രെയിനിംഗ് പ്രോഗ്രാം, കായിക വികസന പരിപാടികൾ, സാംസ്ക്കാരിക പരിപാടികൾ തുടങ്ങിയവയുടെ സംഘാടനമാണ് നെഹ്റു യുവകേന്ദ്രയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നത്.

(ബി) ഇല്ല.

(സി&ഡി) ഉത്തരം (ബി) യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(4047,4148, 4151, 4153, 4154 എന്നീ ചോദ്യങ്ങളുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

II അടിയന്തരപ്രമേയം

വിദ്യാഭ്യാസ നയത്തിനെതിരെ സമരം ചെയ്ത വിദ്യാർത്ഥികളെ പോലീസ് മർദ്ദിച്ചത് സംബന്ധിച്ച്

മി. സ്പീക്കർ : ഫീസ് വർദ്ധനയ്ക്കും സർക്കാരിന്റെ വിദ്യാഭ്യാസ കച്ചവടത്തിനും എതിരെ സംയുക്ത വിദ്യാർത്ഥി സംഘടനകളുടെ നേതൃത്വത്തിൽ ഇന്നലെ ജില്ലാഭരണ കേന്ദ്രങ്ങളിലേക്ക് മാർച്ച് നടത്തിയ വിദ്യാർത്ഥികൾക്ക് നേരെ തിരുവല്ല, ആലപ്പുഴ, കോഴിക്കോട്, വയനാട് എന്നിവിടങ്ങളിൽ പോലീസ് അതിഭീകരമായി ലാത്തിചാർജ് നടത്തിയിരിക്കുന്നു. അതിനെത്തുടർന്ന് പെൺകുട്ടികളും സ്ക്കൂൾ വിദ്യാർത്ഥികളും മെഡിക്കൽ വിദ്യാർത്ഥികളും

LIBRARY ARCHIVES Kerala Legislative Assembly